**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4776** **13-03-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; എത്ര കുടുംബങ്ങൾക്കാണ് പ്രസ്തുത പദ്ധതി വഴി കുടിവെള്ളം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (എ) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി ടാങ്കും കിണറും സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ബി) | കുറ്റ്യാടി മണ്ഡലത്തിൽ രണ്ട് പ്രധാന ശുദ്ധജല വിതരണ പദ്ധതി മുഖേനയാണ് കുടിവെള്ള കണക്ഷനുകൾ നൽകാൻ ഉദ്ദേശിക്കുന്നത്.<br><br>(i) ഏറാമലയും സമീപ പഞ്ചായത്തുകൾക്കും കൂടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.<br><br>പദ്ധതിയുടെ കിണർ, ശുദ്ധീകരണ ശാല എന്നിവ നിർമ്മിക്കുന്നത് കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലത്താണ്. പ്രവൃത്തി ടെണ്ടർ ചെയ്തു കഴിഞ്ഞു.<br><br>പ്രസ്തുത പദ്ധതിയിൻകീഴിൽ പുറമേരി, വേളം, വില്ല്യാപ്പള്ളി പഞ്ചായത്തുകളാണ് വരുന്നത്. പുറമേരി പഞ്ചായത്തിൽ ടാങ്ക്, ബൂസ്റ്റർ സ്റ്റേഷൻ എന്നിവ നിർമ്മിക്കാനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തിയെങ്കിലും സ്ഥലം കൈമാറിയിട്ടില്ല.<br><br>വേളം പഞ്ചായത്തിൽ നിലവിൽ വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്താണ് ടാങ്ക് നിർമ്മിക്കുന്നത്. വില്ല്യാപ്പള്ളി പഞ്ചായത്തിൽ ടാങ്ക് നിർമ്മിക്കുന്ന സ്ഥലം ഇതേവരെ കൈമാറിയിട്ടില്ല.<br><br>(ii) തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ ശുദ്ധജലവിതരണ പദ്ധതി.<br><br>പദ്ധതിയുടെ കിണർ, ശുദ്ധീകരണശാല എന്നിവ കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലത്താണ് നിർമ്മിക്കുന്നത്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യാനുള്ള നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | മേൽ പദ്ധതിയിൻ കീഴിൽ മണിയൂർ പഞ്ചായത്തിലേക്കുള്ള ടാങ്ക് നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ഇതേ വരെ കൈമാറിയിട്ടില്ല. എന്നാൽ പഞ്ചായത്ത് സ്ഥലം നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. അതു പ്രകാരം പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കരാർ വച്ച് പ്രവൃത്തി നടന്നുവരുന്ന പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ്ലൈൻ ഇടുന്നത് സംബന്ധിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ അറിയിക്കുമോ? | (സി) | കുറ്റ്യാടി മണ്ഡലത്തിൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന പൊതുമരാമത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ 30/12/2022, 10/02/2023 തീയതികളിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ താഴെ ചേർക്കുന്നു.<br><br>1) നമ്പം വയൽ - കാക്കുനി റോഡ്<br><br>റോഡ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുകയാണ്. ടാറിംഗ് ഒഴികെയുള്ള എല്ലാപ്രവൃത്തികളും പൂർത്തിയായതിനാൽ, പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ റോഡിൽ താൽക്കാലികമായി മാറ്റിവെക്കുവാൻ തീരുമാനിച്ചു.<br><br>2) പൊക്ലാറത്ത് താഴമാണിക്കോത്ത് താഴ - പള്ളിയത്ത് റോഡ്<br><br>പ്രസ്തുത റോഡിൽകൂടി തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ ശുദ്ധജല വിതരണ പദ്ധതിയുടെ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. റോഡ് പ്രവൃത്തികൾ ഒരു റീച്ച് പൂർത്തിയാക്കിയതാണെന്നും, തുടർന്ന് വരുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബദൽ റോഡുകൾ കണ്ടെത്തി പൈപ്പ് ലൈൻ സ്ഥാപിക്കണം.<br><br>3) കുറ്റ്യാടി - വലകെട്ട് - കൈപ്രം കടവ് റോഡ്<br><br>പ്രസ്തുത റോഡിൽ ആവശ്യമായ പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം റോഡ്പുനഃസ്ഥാപന പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി തന്നെ ചെയ്യാൻ തീരുമാനിച്ചു.<br><br>4) തിരുവള്ളൂർ- ആയഞ്ചേരി റോഡ്<br><br>റോഡ് നിർമ്മാണ പ്രവൃത്തി തത്സമയം പൂർത്തീകരിക്കാനും അതിന് ശേഷം പൈപ്പ്ലൈൻ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുവാനും തീരുമാനിച്ചു.<br><br><u>5) വില്ല്യാപ്പള്ളി - ആയഞ്ചേരി റോഡ്</u><br><br>റോഡിന്റെ പ്രവൃത്തി കരാറുകാരൻ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ അനുമതി നൽകേണ്ടെന്ന് യോഗം തീരുമാനിച്ചു.<br><br><u>6) കാവിൽ - തീക്കുനി റോഡ്</u><br><br>കാവിൽ തീക്കുനി റോഡിൽ CH 1/170 മുതൽ 9/400 വരെയുള്ള ഭാഗത്ത് പൈപ്പ് സ്ഥാപിക്കാനുള്ള അപേക്ഷ പിന്നീട് പരിഗണിക്കാമെന്നും, CH 9/400 മുതൽ CH 525 വരെയുള്ള പൈപ്പ് ലൈൻ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സമില്ലെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചു.<br><br>കുന്നുമ്മൽ പഞ്ചായത്തിൽ പി.ഡബ്ല്യൂ.ഡി റോഡുകളിലൂടെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | ജല ജീവൻ മിഷനു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | ജല ജീവൻ മിഷൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|---|---|
| 1 | ആയഞ്ചേരി | 7063 | 1598 | 5465 | 8021 | 49 | 1647 | 5416 |
| 2 | കുന്നുമ്മൽ | 4515 | 1114 | 3401 | 1129 | 3568 | 4682 | 0 |
| 3 | കുറ്റ്യാടി | 4441 | 850 | 3591 | 1537 | 1886 | 2736 | 1705 |
| 4 | മണിയൂർ | 10470 | 3305 | 7165 | 10818 | 0 | 3305 | 7165 |
| 5 | പുറമേരി | 7358 | 2121 | 5237 | 5265 | 80 | 2201 | 5157 |
| 6 | തിരുവള്ളൂർ | 8739 | 39 | 8700 | 10153 | 0 | 39 | 8700 |
| 7 | വേളം | 7083 | 290 | 6793 | 6703 | 281 | 571 | 6512 |
| 8 | വില്ല്യാപ്പള്ളി | 9082 | 1281 | 8469 | 8437 | 207 | 1488 | 7594 |
| **ആകെ** | | **58751** | **10598** | **48821** | **52063** | **6071** | **16669** | **42249** |